"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

വനിത ശിശു വികസന വകുപ്പ് - പോഷൻ അഭിയാൻ - സ്റ്റേറ്റ് പ്രൊജക്റ്റ് മാനേജ്മന്റ് യൂണിറ്റ് (SPMU)- കരാർ ജീവനക്കാർക്ക് യാത്ര യോഗ്യതാ മാനദണ്ഡങ്ങൾ നിശ്ചയിച്ച് ഇതിനാൽ ഉത്തരവാകുന്നു.

---

വനിത ശിശു വികസന(ബി) വകുപ്പ്

സ.ഉ.(സാധാ) നം.313/2025/WCDD തീയതി,തിരുവനന്തപുരം, 08-07-2025

---

പരാമർശം:-

1. പോഷൺ അഭിയാൻ 2.0 മാർഗ്ഗരേഖ
2. സ.ഉ(സാധാ)നം .334/2023/WCD തീയതി 12.06.2023
3. കേന്ദ്രസർക്കാരിന്റെ 24.06.2024 തീയതിയിലെ F.No. PA/81/2024-CPMU (e-13436) നമ്പർ കത്ത്.
4. വനിത ശിശു വികസന ഡയറക്ടറുടെ 19/07/2024 തീയതിയിലെ DWCD/3968/2024-PAC1 നമ്പർ കത്ത്.

**ഉത്തരവ്**

കേന്ദ്രാവിഷ്കൃത പദ്ധതിയായ പോഷൻ അഭിയാൻ 2.0 കുട്ടികൾ, കൗമാരക്കാരായ പെൺകുട്ടികൾ, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ എന്നിവരുടെ പോഷണ നിലവാരം ഉയർത്തുന്നതിനെ ലക്ഷ്യമിടുന്ന പദ്ധതിയാണ്. പോഷൻ അഭിയാൻ 2.0 മാർഗ്ഗനിർദ്ദേശം പ്രകാരം പദ്ധതിയുടെ നിർവഹണ തുക കേന്ദ്ര സംസ്ഥാന സർക്കാർ 60:40 അനുപാതത്തിലാണ്. സ്റ്റേറ്റ് പ്രോജക്ട് മോണിറ്ററിംഗ് യൂണിറ്റിലേയ്ക്ക് (SPMU) ജീവനക്കാരെ നിയമിക്കുന്നതിന് പരാമർശം (2) പ്രകാരം അനുമതി പുറപ്പെടുവിച്ചിരുന്നു.

(2) പോഷൺ അഭിയാൻ സ്റ്റേറ്റ് പ്രോജക്ട് മോണിറ്ററിംഗ് യൂണിറ്റിലെ കരാർ ജീവനക്കാർക്ക് തസ്തിക, വേതനം എന്നിവ കണക്കാക്കി ഗ്രേഡ് നിശ്ചയിച്ചു നൽകണമെന്നും, പരാമർശം (3) ന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാരിന്റെ അനുമതിയോടു കൂടി സംസ്ഥാനത്തിനകത്ത് റോഡ്/റെയിൽ വഴി (2 AC) യാത്ര ചെയ്യാവുന്നതാണ് എന്നും, സംസ്ഥാനത്തിന് പുറത്ത് വിമാനത്തിലും (ഇക്കണോമി ക്ലാസ്) യാത്ര ചെയ്യാവുന്നതാണെന്നും, ഇതിനുള്ള ചെലവ് ഓരോ സംസ്ഥാനത്തിനും TA ഇനത്തിൽ നൽകിയിട്ടുള്ള പ്രതിമാസം 1 ലക്ഷം രൂപയിൽ നിന്ന് കണ്ടെത്താനും വ്യവസ്ഥ ചെയ്തിട്ടുണ്ടെന്നും, ആയതിൻ പ്രകാരം യാത്രാ യോഗ്യത

മാനദണ്ഡങ്ങൾ നിശ്ചയിച്ച് ഉത്തരവാകണമെന്നും പരാമർശം (4) പ്രകാരം വനിത ശിശു വികസന ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പോഷൻ അഭിയാൻ സ്റ്റേറ്റ് പ്രോജക്ട് മോണിറ്ററിംഗ് യൂണിറ്റിലെ കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ടിട്ടുള്ള ജീവനക്കാർക്ക് ചുവടെ പ്രതിപാദിക്കുന്ന നിബന്ധനകൾക്കു വിധേയമായി ഗ്രേഡ് നിശ്ചയിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നമ്പർ | തസ്തിക | പ്രതിമാസ വേതനം | ഗ്രേഡ് |
|---|---|---|---|
| 1 | കൺസൾട്ടന്റ്(പ്ലാനിംഗ് മോണിറ്ററിംഗ് ആന്റ് ഇവാല്യവേഷൻ) | 60,000/- | Grade II(b) |
| 2 | കൺസൾട്ടന്റ് (ഹെൽത്ത് ആന്റ് ന്യൂട്രീഷൻ) | 60,000/- | Grade II(b) |
| 3 | കൺസൾട്ടന്റ് (കപ്പാസിറ്റി ബിൽഡിംഗ് & ബിസിസി) | 60,000/- | Grade II(b) |
| 4 | അക്കൗണ്ടന്റ് | 30,000/- | Grade III |
| 5 | പ്രോജക്ട് അസോസിയേറ്റ് | 25,000/- | Grade IV |
| 6 | സെക്രട്ടറിയൽ അസിസ്റ്റന്റ് | 15,000/- | Grade IV |
| 7 | ഓഫീസ് മെസഞ്ചർ | 8,000/- | Grade IV |

1) KSR Part 1 റൂൾ 8- ന്റെ അടിസ്ഥാനത്തിലുള്ള Appendix 1 Model form of Agreement അനുസരിച്ചുള്ള കരാറിൽ ഏർപ്പെടേണ്ടതും യാത്രാബത്ത അനുവദിക്കുന്നത് സംബന്ധിച്ച വ്യവസ്ഥ കരാറിൽ ഉൾപ്പെടുത്തേണ്ടതുമാണ്.

2)കെ.എസ്.ആർ. ഭാഗം II ചട്ടങ്ങൾ പൂർണ്ണമായും പാലിച്ച് കൊണ്ടായിരിക്കണം യാത്രാബത്ത അനുവദിക്കേണ്ടത്. യാത്രാബത്ത അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന നിബന്ധനകൾ കരാർ ജീവനക്കാർക്കും ബാധകമായിരിക്കും. വ്യോമയാത്രയ്ക്ക് സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള നിബന്ധനകൾ കർശനമായി പാലിക്കേണ്ടതാണ്.

3) സർക്കാർ നിശ്ചയിച്ചിട്ടുള്ള യാത്രാബത്ത പരിധിക്കുള്ളിൽ (TA ceiling limit) നിന്നു മാത്രമേ യാത്രാബത്ത ക്ലെയിം മാറി നൽകാൻ പാടുള്ളൂ.

4) പോഷൻ അഭിയാൻ സ്റ്റേറ്റ് പ്രൊജക്ട് മാനേജ്മെന്റ് യൂണിറ്റിലെ കരാർ ജീവനക്കാർക്ക്

യാത്രബത്ത അനുവദിക്കുന്നതിനു ആവശ്യമായ ഫണ്ട് ലഭ്യത ഉറപ്പ് വരുത്തേണ്ടതാണ് .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സന്തോഷ് കുമാർ.റ്റി.കെ.
അഡിഷണൽ സെക്രട്ടറി

വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (WCD-1/249/2024-FIN)
വെബ് & ന്യൂ മീഡിയ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sithara Vijayan
സെക്ഷൻ ഓഫീസർ
Date: 08-07-2025 13:16:58